# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

യു.ജി.(CBCS) ബിരുദ പ്രോഗ്രാമുകളുടെ സിലബസ് പരിഷ്കരണം - പുതുക്കിയ കരട് റഗുലേഷൻ, സ്കീം, സിലബസ്, ടെക്സ്റ്റ് ബുക്കുകൾ എന്നിവ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## അക്കാദമിക് എ 9സെക്ഷൻ

സ.ഉ.നം.3302/എ.സി.എ 9/സിലബസ്/പരിഷ്കരണം/2017, പി.ഡി.ഹിൽസ്, തീയതി, 01.06.2017

---

പരാമർശം :- (1) 05.05.2017 തീയതി ഉച്ചകഴിഞ്ഞ് 2.30 ന് സർവ്വകലാശാല യുടെ മിനികോൺഫറൻസ് ഹാളിൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ നടപടികുറിപ്പ്.

(2) 06.05.2017 തീയതി നടന്ന അക്കാദമിക കൗൺസിലിന്റെ- V - അക്കാദമിക് കൗൺസിലിന്റെ പരിഗണനക്ക് വൈസ് ചാൻസിലർ സമർപ്പിച്ച ഇതര വിഷയങ്ങൾ - ഇനം നമ്പർ തീരുമാനം.

## ഉത്തരവ്

പരാമർശം (1) പ്രകാരം വിവിധ വിഷയങ്ങളിലെ ബോർഡ് ഓഫ് സ്റ്റഡീസ് 2016- ൽ തയ്യാറാക്കിയ ബിരുദ പ്രോഗ്രാമുകളുടെ കരട് റഗുലേഷൻ, സ്കീം, സിലബസ്, ടെക്സ്റ്റ് ബുക്കുകൾ എന്നിവയിൽ ഫാക്കൽട്ടികളുടെ സംയുക്ത യോഗത്തിലെ ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും 2017 ഏപ്രിൽ മാസത്തിൽ നടന്ന ശിൽപ്പശാലകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ ശുപാർശ ചെയ്ത പരിഷ്ക്കാരങ്ങളോടെ തയ്യാറാക്കി ഫാക്കൽട്ടി ഡീൻമാർ സമർപ്പിച്ച പുതുക്കിയ കരട് റഗുലേഷൻ, സ്കീം, സിലബസ്, ടെക്സ്റ്റ് ബുക്കുകൾ എന്നിവ അംഗീകരിക്കണമെന്ന ശുപാർശയോടെ അക്കാദമിക കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിക്കുവാൻ, അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിരുന്നു.

06.05.2017 തീയതി നടന്ന അക്കാദമിക കൗൺസിലിന്റെ പരാമർശം (2) പ്രകാരമുള്ള തീരുമാന പ്രകാരം വിവിധ ബിരുദ പ്രോഗ്രാമുകളുടെ പുതുക്കിയ കരട് റഗുലേഷൻ, സ്കീം, സിലബസ് ടെക്സ്റ്റ് ബുക്കുകൾ എന്നിവ അംഗീകരിക്കണമെന്ന് വിവിധ ഫാക്കൽട്ടികൾ നൽകിയ ശുപാർശകൾ പരിഗണിച്ച്, 05.05.2017 ൽ ചേർന്ന അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിക്കുന്നതിനും പുതുക്കിയ റഗുലേഷൻ, സ്കീം, സിലബസ്, ടെക്സ്റ്റ് ബുക്കുകൾ എന്നിവ 2017-18 അക്കാദമിക വർഷം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സതീഷ്ചന്ദ്രൻ നായർ പി.എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

(മറുപുറം)

പകർപ്പ്:

1. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. ജെ.ആർ II/ഡി.ആർ(അക്കാദമിക്)/എ.ആർ (അക്കാദമിക്)
4. ജെ.ആർ/ഡി.ആർ/എ.ആർ ( പരീക്ഷാവിഭാഗം)
5. അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളേജ് പ്രിൻസിപ്പൽമാർ
6. എസി.എ।/എസി.എ3/എസി.എ4/എസി.എ5/എസി.എ7/എസി.എ8
7. എസി.സി/പി.ആർ.ഒ.സെക്ഷനുകൾ
8. എസി.എൽ സെക്ഷൻ (റഗുലേഷന്റെ പകർപ്പ് സഹിതം തുടർനടപടികൾക്കായി)
9. ഇ.ബി 12 സെക്ഷൻ
10. CapCell/സിസ്റ്റം അഡ്മിനിട്രേഷൻ വിഭാഗം.
11. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
12. ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. Ac.AIX/3/syllabus Restructing/2017